ലഭ്യമാക്കിയിട്ടുള്ള വായ്പകളും സഹായങ്ങളും ഒഴികെ മൂന്നുവർഷത്തെ ശരാശരി വരുമാനമാണ് പരിഗണിക്കുന്നത്.

പഞ്ചായത്തുകൾ വിഭജിക്കുന്ന മാനദണ്ഡം

104(2160)ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്ത് മാനദണ്ഡമനുസരിച്ചായിരിക്കും പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കാസർഗോഡ് ജില്ലയിൽ വിസ്തൃതി, വരുമാനം, ജനസംഖ്യ എന്നിവയുടെ അടിസ്ഥാനത്തിൽ പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പുതിയതായി പഞ്ചായത്തുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് വ്യക്തമായ മാനദണ്ഡങ്ങൾ ഒന്നും തന്നെ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ വിസ്തൃതിയും ജനസംഖ്യയും കാരണം ഭരണപരമായ വിഷമതകൾ അനുഭവിക്കുന്ന പഞ്ചായത്തുകൾ വിഭജിക്കുന്നകാര്യം ഗവണ്മെന്റ് പരിഗണിക്കുന്നുണ്ട്.

(ബി)&(സി) ബേസഡുക്ക, പനത്തടി എന്നീ പഞ്ചായത്തുകൾ വിഭജിക്കുന്ന കാര്യം പരിഗണനയിലാണ്.

"ജീവനക്കാരുടെ കുറവു പരിഹരിക്കാൻ നടപടി"

105 (2161)ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളിലേക്കാവശ്യമായ ജീവനക്കാരുടെ കുറവു പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; എന്തെല്ലാം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആവശ്യപ്പെടാത്ത മൂന്ന് പഞ്ചായത്തുകളൊഴികെ സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഓരോ എൽ.ഡി. ക്ലാർക്ക് തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ജീവനക്കാരെ പുനർവിന്യാസം വഴി പഞ്ചായത്തുകളിൽ നിയമിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

ഉദ്യോഗസ്ഥരുടെ പുനർവിന്യാസം

105(2161) പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്ത് സംവിധാനം കാര്യക്ഷമമാക്കുന്നതിനും അധികാര വികേന്ദ്രീകരണം നടപ്പിലാക്കുന്നതിനുമായി സംസ്ഥാനത്തെ

LIBRARY ARCHIVES Kerala Legislative Assembly